പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1988 **26-10-2026-ൽ മറുപടിയ്ക്ക്**

പെരിഞ്ഞനം കുറ്റിലക്കടവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ തസ്തികകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പെരിഞ്ഞനം കുറ്റിലക്കടവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ കുടുംബ ആരോഗ്യ കേന്ദ്രത്തിന് സമാനമായി നിലനിൽക്കുന്ന സാഹചര്യം പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: 01.08.2021 തീയതിയിലെ G.O.(Rt) No.1633/2021/H&FWD പ്രകാരം പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സ്റ്റാൻഡേർഡൈസേഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ, തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ പൂർണതോതിൽ ആരംഭിക്കാൻ കഴിയും.

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ അഭാവം മൂലം കിടത്തിച്ചികിത്സ വേണ്ട രീതിയിൽ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കിടത്തിച്ചികിത്സയുള്ള ഏക ആശുപത്രിയിലെ ഏക ഡെന്റൽ ഡോക്ടറെ വർക്ക് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റിനിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: പെരിഞ്ഞനം കുറ്റിലക്കടവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡെന്റൽ സർജന്റെ ഒഴിവ് അടിയന്തരമായി നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കിടത്തി ചികിത്സ യുള്ള ഏക സർക്കാർ ആശുപത്രിയായ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ കഴിഞ്ഞ ഒരു വർഷക്കാലം കിടത്തി ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; എത്രകൊണ്ടാണ് കിടത്തി ചികിത്സകരുടെ എണ്ണം ഇത്രയധികം കുറയുന്നതെന്ന വിവരം വ്യക്തമാക്കാമോ?

<u>മറുപടി:</u> കഴിഞ്ഞ ഒരു വർഷത്തിനിടെ ഈ സ്ഥാപനത്തിൽ 108 ഇൻപേഷ്യന്റ്റ് (IP) രോഗികളെ പ്രവേശിപ്പിച്ച് കിടത്തി ചികിത്സ നൽകിയിട്ടുണ്ട്. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സ്റ്റാൻഡേർഡൈസേഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ, തസ്തിക സൃഷ്ടിക്കൽ എന്നിവയുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കിടത്തി ചികിത്സ പൂർണതോതിൽ ആരംഭിക്കാൻ കഴിയു

സെക്ഷൻ ഓഫിസർ